പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12-07-2011-ൽ |
| ചോദ്യം നമ്പർ.. 1264 | മറുപടിക്ക്. |

## സാമ്പത്തിക തട്ടിപ്പ് സ്ഥാപനങ്ങൾക്കെതിരെ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | സാമ്പത്തിക തട്ടിപ്പ് സ്ഥാപനങ്ങളുടെയും സംഘങ്ങളുടെയും പ്രവർത്തനം കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്ത് വ്യാപകമായി നടന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സാധാരണക്കാർക്കൊപ്പം വിദ്യാസമ്പന്നരും ഉന്നത ഉദ്യോഗസ്ഥരും ഇത്തരം തട്ടിപ്പുകളിൽ ഇരകളായി മാറുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഇത്തരം തട്ടിപ്പു സംഘങ്ങൾക്ക് വളരാൻ സാഹചര്യത്തിന്റെ പിന്നിൽ ഉദ്യോഗസ്ഥരുടെ സഹായം ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ ; | (സി) യും (ഡി) യും | തട്ടിപ്പ് നടത്തിയവർക്കെതിരെ 'പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ സ്കീം ( ബാനിങ്) ആക്ട് 1978,' ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പ് 420 ( വഞ്ചനാ കുറ്റം) തുടങ്ങിയ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി രഹസ്യ പോലീസ് വിഭാഗവും ശ്രദ്ധ പുലർത്തുന്നുണ്ട്. |
| (ഡി) | പ്രസ്തുത തട്ടിപ്പുകാരെയെല്ലാം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് പറയാമോ ? | | |

സെക്ഷൻ ഓഫീസർ